വൈദ്യജീവനം.

ഭാഷാവ്യാഖ്യാനം.

ദിവാകരപ്രസാദേന രോഗ്യാരോഗ്യസമീഹയാ
സാമസേനവയംകുൎമ്മഃ കാവ്യംസദ്വൈദ്യജീവനം. (൧)

ലോകബന്ധുവായിരിക്കുന്ന സൂൎയ്യന്റെ പ്രസന്നതഹേതുവായിട്ടു ആതുരന്മാർ ആരോഗ്യം ലഭിപ്പാനുള്ള ആഗ്രഹത്തോടുകൂടി നോം ചുരുക്കത്തിൽ "വൈദ്യജീവനം" എന്ന കാവ്യത്തെ ഉണ്ടാക്കുന്നു.

തഥാപിക്രിയതേഗ്രന്ഥ സ്സതിയദ്യപിദുൎജ്ജനാഃ
നഹിദസ്യുഭയാല്ലോകൊ ദൈന്യവാനേവവൎത്തതേ (൨)

ഏതെങ്കിലും ഒരു ഗ്രന്ഥത്തെ നിൎമ്മിച്ചാൽ അതിനെക്കുറിച്ചു കുറ്റം പറയാനുള്ള അസത്തുക്കൾ ധാരാളംകാണുമെന്നിരിക്കിലും അവരെ നാം ശങ്കിക്കാതെ ഈ കാവ്യത്തെഉണ്ടാക്കുന്നു. ചോരന്മാരുടെ ഭീതികൊണ്ടു മനുഷ്യർ വിലയേറിയ ദ്രവ്യത്തെ യാതൊരുപ്രകാരം ഗൂഢമായി വയ്ക്കുന്നുവൊ അപ്രകാരം ഇതിനെ ഞാൻ ഗൂഢമായി വയ്ക്കാൻ തുടങ്ങുന്നില്ല.

യേഷാംനചേതൊലലനാസുലഗ്നം മഗ്നംനസാഹിത്യസുധാസമുദ്രേ ജ്ഞാസ്യന്തിതേകിന്നുമമപ്രയാസാ നന്ധായഥാവാരവധൂവിലാസാൻ (൩)

ഏതൊരു പുമാന്മാരുടെ ഹൃദയം സുന്ദരിമാരിൽ മഗ്നമായും സാഹിത്യത്തിൽ ലേശംപോലും ലയിക്കാതേയും ഇരിക്കുമോ അവർ എന്റെ പ്രയത്നങ്ങളെ അറിയുന്നില്ല. അതു എന്തുപോലെയെന്നാൽ കണ്ണുകൾക്കു അശേഷം കാഴ്ചയില്ലാത്തവർ സുന്ദരിമാരുടെ ലീലാവിലാസങ്ങളെ അറിയാത്തതുപോലെയാകുന്നു.

ഗദഗഞ്ജനായ ചതുരൈരശ്ചരകാദ്യൈൎമ്മുനിഭിൎന്നൃണാം കരുണയാകഥിതം യദഖിലംലിഖാമിഖലുതസ്യരഹസ്യം നച കപോലകല്പിതമിഹാസ്തിനകിഞ്ചിൽ (൪)

രോഗങ്ങളെ അറിയുന്നവരിൽവച്ചു സമൎത്ഥന്മാരായ ചരകാദിമുനികളാൽ സദയം പറയപ്പെട്ടിട്ടുള്ളതിന്റെ രഹസ്യഭാഗത്തെ എല്ലാം ഞാൻ എഴുതുന്നു ഇതുഅല്പവും സ്വകല്പിതമല്ല.

ഗുരോരധീതാഖിലവൈദ്യവിദ്യഃ പീയൂഷപാണിഃ കുശലഃ

16-Jul-10 6:35 am

ക്രിയാസ്വ ഗതസ്സ്വഹോധൈര്യധരഃകൃപാലു ശ്ശുദ്ധോധികാരീഭിഷ
ഗേശസ്യാൽ (൪)

എല്ലാവൈദ്യവിദ്യകളും ഗുരുമുഖേന ഗ്രഹിച്ചവനും കൈ
പുണ്യമുള്ളവനും വമനാദിക്രിയകളിൽ സാമൎത്ഥ്യമുള്ളവനും ധ
നകാംക്ഷയില്ലാത്തവനും ധൈൎയ്യശാലിയും കാരുണ്യമുള്ളവനും
പരിശുദ്ധനുമായിരിക്കുന്ന ചികിത്സകൻ ഔഷധത്തെ ദാനം
ചെയ്വാനും ചികിത്സിപ്പാനും സമൎത്ഥനാകുന്നു.

ആദൌ നിദാനവിധിനാ വിദധ്യാദ്വ്യാധിനിശ്ചയം
തതസ്സാദ്ധ്യം സമീക്ഷേത പശ്ചാൽഭിഷഗുപാചരേൽ (൫)

വൈദ്യൻ ആദിയിൽ നിദാനവിധികൊണ്ടു ഇന്നരോഗ
മെന്നു നിശ്ചയിച്ചിട്ടും അനന്തരം സാദ്ധ്യാസാദ്ധ്യങ്ങളെ വഴി
പോലെ അറിഞ്ഞു ശമിക്കുന്നതായാൽ ചികിത്സിക്കയും ശമി
ക്കാത്തതിനെ ത്യജിക്കയും ചെയ്യണം.

ഔഷധംമൂഢവൈദ്യനാം ത്യജന്തുജ്വരപീഡിതാഃ
പരസംസൎഗ്ഗസംസക്ത കളത്രമിവസാധവഃ (൬)

ജ്വരം മുതലായ രോഗമുള്ളവർ മൂഢന്മാരായിരിക്കുന്നവൈ
ദ്യന്മാരുടെ ഔഷധത്തെ ഉപേക്ഷിക്കണം. അതെന്തുപോലെ
എന്നാൽ അന്യന്മാരോടു സംസൎഗ്ഗംചെയ്യുന്നതിനു താല്പൎയ്യമുള്ള
ഭാൎയ്യയെ സാധുക്കൾ സന്ത്യജിക്കുന്നപോലെ ആകുന്നു.

പത്ഥ്യേസതിഗദാൎത്തസ്യ കിമൌഷധനിഷേവണം
പത്ഥ്യേസതിഗദാൎത്തസ്യ കിമൌഷധനിഷേവണം (൭)

രോഗപീഡിതന്നു പത്ഥ്യമുണ്ടെങ്കിൽ മരുന്നുകൾ സേവിക്കു
ന്നതെന്തിന്നു രോഗപീഡിതന്നു പത്ഥ്യമില്ലെങ്കിൽ മരുന്നുകൾ
സേവിക്കുന്നതെന്തിനു രോഗികൾ പത്ഥ്യാഭ്യാസികളായിരിക്കണം.

മഹീന്ദ്രമഹിലാത്രപാപ്രദപദാരവിന്ദെതഥാ പയോനിധിപയസ്സുതിജ്ജലധരൈ രപായതതഥാഅപിപ്രകൃതിനീരസാ
ശ്രുപ ഭിഷഗ്ഭിൎഗ്ഗിരിതാ ഭവിഷ്യതിസരസ്വതീസ്വതീമൂ
രാസാപതെ (൮)

ഹേ! മനോഹരി! ഉപ്പുള്ളതായിരിക്കുന്ന വെള്ളത്തെ മേ
ഘങ്ങൾ സ്വീകരിച്ചാൽ സ്വാദുള്ളതായി തീരുന്നതു യാതൊരു
പ്രകാരമോ? അപ്രകാരം ദുസ്വഭാവിയായിരിക്കുന്ന വൈദ്യൻ
എന്റെ സുഭാഷിതത്തെ കൈക്കൊണ്ടാൽ ആ ദുസ്വഭാവത്തി
ൽനിന്നു വിടുർത്തപ്പെടും.

ഇഹഗദിനാംവൈദ്യാതിഭദ്രം പ്രഥമമേവപുരസ്സമഹൽ
സുഖം പ്രിയതമസ്യ മൃഗാക്ഷിസമാഗമെ നവകരഗ്രഹണാഗ്രഹ
ണിയഥാ (൮)

പുതുതായി വേളികഴിച്ചസുന്ദരിയെഭർത്താവു തഴുകുമ്പോൾ അവൾക്കുണ്ടാകുന്ന സംഭ്രമം യാതൊരുപ്രകാരമൊ അപ്രകാരം ആദ്യം വൈദ്യൻ രോഗം കാണുമ്പോൾ സംശയവും പിന്നീടു വലുതായിരിക്കുന്നോ സുഖവുമുണ്ടാകും.

ജ്വരചികിത്സ.

യതസ്സർവ്വേഷുരോഗേഷു പ്രായശോ ബലവാൻജ്വരഃ
അതസ്തസ്യപ്രതീകാരം പ്രഥമം ബ്രൂമഹെവയം. (൧൮)

സർവ്വരോഗങ്ങളിലും വെച്ചു ജ്വരം രാജാവായിരിക്കകൊണ്ടു അതിന്റെ പ്രതിവിധിയെ ആദ്യം പറയുന്നു.

ദേവദാരുധനാവിശ്വാ ബൃഹതീദ്വയപാചനം ജ്വരെ
പൂർവ്വംപിബെല്ബാല പയോധരധരാധരെ (൧൯)

അല്ലയോ! അമൃതാധരി? ദേവദാരു=ദേവതാരം, ധനാ= കൊത്തമ്പാലയരി, വിശ്വം=ചുക്കു, ബൃഹതീദ്വയം=ചെറുവഴുതിനവേരു, വെൾവഴുതിനവേരു ഇവ കഷായം മുമ്പെ ജ്വരത്തിനു സേവിക്ക.

ത്രിദോഷജ്വരത്തിന്നു.

ഛിന്നൌഷധാംഭോധരധന്വയാഷൈഃ കിരാതതിക്താം ബൃഹദ്രേണുയാഷൈഃ വിശ്വാവൃഷാംഭോധര ധന്വയാഷൈഃ കഫാന്മരുൽപിത്തകഫജ്വരേഷു (൧൰)

വാതജ്വരത്തിന്നു ഛിന്നാ=ചിററമൃതു, ഔഷധം=ചുക്കു, അംഭോധരം=മുത്തങ്ങ, ധന്വയാഷം=കൊടിത്തൂവവേരു, ഇവ കൊണ്ടും പിത്തജ്വരത്തിന്നു കിരാതതിക്തകം=പുത്തരിച്ചുണ്ട വേരു, അംബുദം=മുത്തങ്ങ, രേണു=പർപ്പടകപ്പുല്ലു, യാഷം=കൊടിത്തൂവവേരു, ഇവകൊണ്ടും കഫജ്വരത്തിന്നു വിശ്വം=ചുക്കു, വൃഷം=ആടലോടകവേരു, അംഭോധരം=മുത്തങ്ങ, ധന്വയാഷം= കൊടിത്തൂവവേരു ഇവകൊണ്ടും ഉള്ള കഷായം നല്ലതാകുന്നു.

ഉശീരകലശീമഹൌഷധകിരാതകാംഭോധര സ്ഥിരാബൃഹതികാദ്വയാമൃതലതാത്രികണ്ടകൈഃകൃതം കഷായകമമും പിബെൽപവനജ്വരാകുലഃ പ്രമാദശശതുല്യവക്ത്രമൃഗശാബലോചനെ.

അല്ലയോ താമരക്കണ്ണി! വാതജ്വരപീഡിതന്നു ഉശീരം= രാമച്ചം, കലശീ=മുവിലവേരു, കിരാതകം=പുത്തരിച്ചുണ്ടവേരു, അംഭോധരം=മുത്തങ്ങ, സ്ഥിരം=ഓരിലവേരു, ബൃഹതികാദ്വയം=വഴുതിന രണ്ടും, അമൃതലതാ=ചിററമൃതു, ത്രികണ്ടകം=ഞെരിഞ്ഞിൽ. ഇവകളെക്കൊണ്ടു ഉണ്ടാക്കപ്പെട്ട കഷായം വിശേഷമാകുന്നു.

പീഷലോകപാഞ്ചാലി ചരണാനാം കഷായകഃ
പീയമാനഃപ്രിയേഹന്തി ഹന്മജ്ജനകജ്വരം. (൧൫)

അല്ലയോ പ്രിയതമേ! പീയൂഷം=ചിററമൃത, ലോകം=ചുക്ക, പാഞ്ചാലിചരണം=തിപ്പലിവേര ഇവ ഇട്ട കുറുക്കിയ കഷായം വാതജ്വരത്തെ ശമിപ്പിയ്ക്കും.

ഛിന്നോത്ഭവാപർപ്പടവാരിവാഹ ഭൂനിംബശുണ്ഠീജനിതഃ കഷായഃ സമീരപിത്തജ്വരജർജ്ജരാണാം കരോതി ഭദ്രംകിലപഞ്ചഭദ്രഃ (൧൬)

ഛിന്നോത്ഭവം=ചിററമൃത, പർപ്പടം=പർപ്പടകപ്പുല്ല, വാരിവാഹം=മുത്തങ്ങ, ഭൂനിംബം=പുത്തരിച്ചുണ്ട, ശുണ്ഠി=ചുക്ക ഇവ കൊണ്ടുണ്ടാക്കിയ കഷായം വാതപിത്തജ്വരമുള്ളവൎക്ക ഹിതമാകുന്നു. ഇതിന്ന പഞ്ചഭദ്രമെന്നത്രെ പേർ.

ഏകഏവഖലുപൈത്തികജ്വരം ഹന്തിപർപ്പടകൃതഃകഷായകഃ ചന്ദനോദകമഹൌഷധാന്വിത ശ്ചേത്തദാകിമുപന വ്വിചാരണാ (൧൭)

പർപ്പടകപ്പുല്ലുകൊണ്ടുണ്ടാക്കപ്പെട്ട കഷായം ഒന്നുതന്നെ പിത്തജ്വരത്തെ നശിപ്പിക്കുന്നു. ചന്ദനം, ഉദകം=ഇരുവേലി, മഹൌഷധം=ചുക്ക ഇവ കൂടക്കൂട്ടിയാൽ പിന്നെ ശമിക്കുന്നതിന്ന സംശയമില്ല.

മാനന്ത്യജപ്രേയസിമന്ദവായുല്ലലല്ലതാസംഘലമനക്ഷ്യഹാരെ രെവാതടംപശ്യരമസ്വവേണ കപാണോദയതോത്രാസ്തിനിരസ്തപാനഃ (൧൮)

ഹേ! അഭിമാനത്തെ ത്യജിച്ചാലും മന്ദവായുവിനാൽ ഇളക്കപ്പെടുന്ന ലതയെപ്പോലെയും നദിയെപ്പോലെയും കാററുകൊണ്ടിളകുന്ന പർപ്പടകപ്പുല്ലുകഷായംവച്ചു സേവിച്ചാൽ പിത്തപ്പനി ശമിക്കും.

ആരോഗ്യലക്ഷ്മീരുപയാതിപിത്ത ജ്വരാതുരംരേണുകഷായഭാജം മാതാപംയഥാശാന്തകലേസ്മരാൎത്തെ കൃതപ്രകോപപ്രശമാസഖീഭിഃ (൧൯)

അല്ലയോ ശാന്തകലെ! രേണു=പർപ്പടകപ്പുല്ലുകൊണ്ടുള്ള കഷായത്തെ സേവിക്കുന്നവനായിരിക്കുന്ന പിത്തജ്വരപീഡിതനെ ആരോഗ്യലക്ഷ്മി ഭവിക്കുന്നു. അല്ലയോ സ്മരാൎത്തെ നീ തോഴികളാൽ കൃതമായിരിക്കുന്ന ക്രോധശമനത്തോടുകൂടി തീരുന്നില്ലെ അതുപോലെയാകുന്നു.

ദ്രാക്ഷാപർപ്പടരാജവൃക്ഷകടുകാ മുസ്താഭയാനാംജലം മൂൎച്ഛാശോഷനിദാഘതുൎംപ്രലപന ഭ്രാന്ത്യാഢ്യപിത്തജ്വരേ ദുസ്സ

ശ്പ്രമദാകിരാതകടുകാ സിംഹാസ്യരേണുതജവാഃ കഫഃശക്ര
യാനപിതോഹരതിതൃഡ്ദാഹാസ്രപിത്തജ്വരാൻ. (൨൦)

ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. പപ്പടം=പപ്പടകപ്പുല്ല, രാജവൃക്ഷം=കൊന്ന, കടുകാ=കടുകരോഹിണി, മുസ്താ=മുത്തങ്ങാ, അഭയ=കടുക്ക ഇവകൊണ്ടുള്ളകഷായം മദമൂർച്ഛ; കൃശത, വിയപ്പ് വെള്ളംദാഹം, ഛർദ്ദി, ചുഴൽച്ച ഇതുകളോടുകൂടിയ പിത്തജ്വരത്തേയും, ദ്രസ്പർശം=കൊടിത്തുവവേര, പ്രമദാ=അതിവിടയം, കിരാതം=പുത്തരിച്ചുണ്ട, കടുകാ=കടുകരോഹണി, സിംഹാസ്യ=ആടലോടകത്തിൻവേര; രേണു=പപ്പടകപ്പുല്ല, ഇക്കഷായം പഞ്ചസാര ഇട്ടു സേവിച്ചാൽ വെള്ളംദാഹം, ചൂട്, രക്തപിത്തം ഇവയോടുകൂടിയ പിത്തജ്വരത്തെയും ശമിപ്പിക്കും.

അഹോകിമത്ഥംബഹവഃകഷായം പരാശരാദ്യൈർമ്മുനിഭിഃപ്രദിഷ്ടാ ഛിന്നാശിവാപപ്പടതോയപാനാൽ പിത്തജ്വരഃ കിന്നസരീസരീതി. (൨൧)

അസംഖ്യം കഷായങ്ങളാൽ പ്രയോജനമെന്ത്? പരാശരൻ തുടങ്ങിയുള്ള മഹർഷികളാൽ പറയപ്പെട്ടിരിക്കുന്ന ഛിന്നാ=ചിററമൃതു, ശിവാ=കടുക്കാ, പപ്പട=പപ്പടകപ്പുല്ല ഇവസമം ചേത്തുണ്ടാക്കിയ കഷായം പിത്താധിക്യത്തോടുകൂടിയ പനിക്കു നല്ലതാകുന്നു.

ജലജലദജലവാഹരേണു വിശ്വൌഷധശിശിരൈസ്സഹതം
ഷഡംഗമേതൽ ശൃതഹിമമിവഗാംഗമംബുതൃഷ്ണാ ജ്വരശമനം
ചലപീതമാത്രകസ്യാൽ ൨൨

ജലം=രാമച്ചം, ജലദ=ഇരുവേലി, ജലവാഹം=മുത്തങ്ങ,രേണു=പപ്പടകപ്പുല്ല, വിശ്വൌഷധം=ചുക്ക, ശിശിരം=ചന്ദനം, ഇവകൊണ്ടുള്ളകഷായം സേവിച്ചാൽ ഗംഗാജലംപോലെ വെള്ളംദാഹത്തേയും ജ്വരത്തേയും പെട്ടന്നുവെശമിപ്പിക്കും.ഈ കഷായം ഷഡംഗം എന്ന നാമധേയത്തോടുകൂടിയതത്രെ.

പയഃശുണ്ഠീപയസ്സീതം പയോരേണുപയോംബുച
ഷഡംഗംശൃതശീതസ്യാൽ സദ്യസ്തൃഷ്ണാംവിനാശയേൽ.

ഈ ശ്ലോകവും ഷഡംഗംതന്നെ. പാഠഭേദമത്രേയാകുന്നുള്ളൂ.

പിത്തജ്വരത്തിന്നും കഫജ്വരത്തിന്നും

ലോഹിതചന്ദനപത്മകധാന്യൈ ഛിന്നരുഹാപിചുമന്ദ
കഷായഃ പിത്തകഫജ്വരദാഹപിപാസാ വാന്തിവിനാശകൃതാ
ശകരസ്യാൽ (൨൪)

ലോഹിതചന്ദനം=രക്തചന്ദനം, പത്മകം=പതിമുഖം ധാന്യം=കൊത്തമ്പാലയരി, ഛിന്നരുഹം=ചിററമൃതു, പിചുമ

ദം=വേപ്പ് ഇവകൊണ്ടുവെച്ച കഷായംസേവിച്ചാൽ പിത്തകഫജ്വരം ചുട്ടുനീററൽ, വെള്ളംദാഹം, ഛർദ്ദി ഇവയെ നശിപ്പിക്കും അഗ്നിയെ വർദ്ധിപ്പിക്കുന്നതുമാകുന്നു.

പിത്തജ്വരദാഹത്തിന്ന്

സഹസ്രധൌതേനാല്പതേനകത്തുമഖ്യംഗമോഷഃകൃശതാം ബിഭർത്തി അന്യാംഗനാസംഗമസാദരസ്യ സ്വീയേഷുദാരേഷ്യയഥാഭിലാഷഃ (൨൫)

ആയിരമാവൎത്തി പശുവിൻനെയ്യ് വെള്ളത്തിൽ കഴുകിയെടുത്തു ശരീരത്തിൽതേച്ചാൽ കൃശതമാറും അതെങ്ങിനെയെന്നാൽ പരസ്ത്രീയോടുകൂടി ക്രീഡിക്കുന്നവന്നു തന്റെ ഭാൎയ്യയിൽ അഭിലാഷം യാതൊരുപ്രകാരമോ? അതുപോലെആകുന്നു.

തൃഡ്ദാഹമോഹാഃപ്രശമംപ്രയാന്തിനിംബപ്രവാളോത്ഥിതഫേനലേപാൽ യഥാനരാണാം ധനിനാംധനാനി സമാഗമാദ്വാരവിലാസിനീനാം (൨൬)

വേപ്പിൻതളിരു കശക്കിപ്പിഴിഞ്ഞനീരു ശരീരത്തിൽതടവിയാൽ വെള്ളംദാഹവും ചൂടും ഇന്ദ്രിയസാദവുംമാറും അതെങ്ങിനെഎന്നാൽ വിലാസിനികളുടെ സമാഗമം ഹേതുവായിട്ടു ധനവാന്മാരുടെ ധനങ്ങൾ യാതൊരുപ്രകാരം നശിക്കുന്നുവോ അതുപോലെയാകുന്നു.

അമലൈഃകമലൈരഥാനിലൈ ദലൈഃപുഷ്പരജസ്സമന്വിതൈഃ ജലകേളികഥാകുതൂഹലൈ രപിപിത്തജ്വരജാരുജോജയേൽ (൨൭)

നിൎമ്മലമായിരിക്കുന്ന താമരമുതലായ പുഷ്പങ്ങളിൽ തട്ടീട്ടുവരുന്ന കുട്ടിക്കാററുകൊണ്ടിളകുന്ന വെള്ളത്തിൽ കൌതുകത്തോടുകൂടി ജലക്രീഡചെയ്താൽ പിത്തജ്വരത്തിൽനിന്നുണ്ടായിട്ടുള്ള രുക്കുകളെ ശമിപ്പിക്കും.

മദനജ്വരത്തിന്ന്

ശ്രീഖണ്ഡമണ്ഡിതകളേബരവല്ലരീണാം മുക്താഫലാകുലവിലോലകുചസ്ഥലീനാം വൈദഗ്ദ്ധ്യമുഗ്ദ്ധവചസാംസുവിലാസിനീനാമാലിംഗനംസകലദാഹമപാകരോതി (൨൮)

ശരീരത്തിൽ ചന്ദനംഅരച്ചു ലേപനംചെയ്തുവരായും മുത്തുമാലകളെക്കൊണ്ടു പാരവശ്യത്തോടും ഇളക്കത്തോടും കൂടിയ മുലകളോടുകൂടിയവരായും വൈദഗ്ദ്ധ്യമായും മനോഹരമായുമുള്ള വാക്കുകളോടുകൂടിയവരായും ഇരിക്കുന്നസ്ത്രീകളുടെആലിംഗനം സകല ചൂടിനേയും ശമിപ്പിക്കും.

ശയ്യാപല്ലവപത്മപത്രരചിതാ വാസോവയസ്സ്വച്ഛസ്സമം

കാന്താരെകുസുമസ്ഫുരത്തരുവരെ വാപീജലാലോകനം
ആലാപാശ്ചശുകാളികോകിലകൃതാഃ കാന്താശ്ചകാന്താകൃതാ
വാതാശ്ചാമലവാലകവ്യജനജാദാഹംനിവാരകുർവ്വതേ

നല്ല തളിരുകൊണ്ടുനിർമ്മിച്ച മെത്തമേൽ ചെന്താമരയിലവിരിച്ചു വയസ്യന്മാരോടുകൂടിയിരിക്കുന്നതും, കാട്ടിൽ പൂക്കളെക്കൊണ്ടു പ്രകാശോഭിതമായിരിക്കുന്ന ഉന്നതമരത്തിന്റെ അടുത്തുള്ള കുളം കണ്ടുകൊണ്ടിരിക്കുന്നതും, കുയിൽമുതലായ പക്ഷിവൃന്ദങ്ങളാൽ പുറപ്പെടുവിക്കുന്ന സ്വരവിശേഷങ്ങളെ കേൾക്കുന്നതും, സുന്ദരിമാരായിരിക്കുന്ന പ്രിയകളുടെ കഥകളെപ്പറ്റി പറയുന്നതും താലവൃന്തങ്ങളിൽനിന്നുണ്ടാകുന്ന നിർമ്മലമായ കാറ്റേൽക്കുന്നതും ദാഹത്തെ നശിപ്പിക്കുന്നതാകുന്നു.

അയിനിതംബിനിശായനലാലസേ മധുരവാണിനികാമമ
ദാലസേ വപുഷിദാഹവതാംവിഹിതംഹിമം ഹിമഹിമാംശുജ
ലൈരനുലേപനം (൧൦)

അല്ലയോ! നിതംബിനി! ഹിമം=ചന്ദനം, ഹിമാംശു=പച്ചക്കർപ്പൂരം, ജലം=ഇരുവേലി ഇവ അരച്ചു ദേഹത്തിൽതേച്ചാൽ ചൂടുമാറും.

ശുഭ്രാഭ്രവിഭ്രമധരേ ശശാങ്കകരസുന്ദരേ ചന്ദനൈശ്ച
ർച്ചിതേഹർമ്മ്യേ സ്വാപസ്താപമപോഹതി (൧൧)

വെളുത്ത മേഘംപോലെയിരിക്കുന്ന നിറത്തോടുകൂടിയതായും, ചന്ദ്രകിരണത്തെക്കൊണ്ടു സുന്ദരതരമായും, ചന്ദനങ്ങളെക്കൊണ്ടു അലങ്കരിക്കപ്പെട്ടതായും ഇരിക്കുന്ന മാളികകളിൽ കിടന്നുറങ്ങിയാൽ ചൂടുശമിക്കും

യദിപര്യുഷിതംധാന്യ സലിലംസിതയാസഹ
പ്രഭാതസമയേപീതമന്തർദ്ദാഹംവിനാശയേൽ (൧൨)

ഉണക്കലരി ചതച്ചു രാത്രി മുപ്പതുനാഴിക വെള്ളത്തിലിട്ടുവെച്ചു പിറേറന്നാൾ കാലത്തെ എടുത്തു പഞ്ചസാരചേർത്തുസേവിക്കുക അന്തർദ്ദാഹംശമിക്കും.

പിത്തജ്വരേകിംരസഫാണ്ടലേപൈഃ കിംവാകഷായൈശ്ച
മൃതേനകിംവാപേയംപ്രിയായാഃ മുഖമേകമേവ ലോലാംബരാജ
നസദാനുഭൂതം

അല്ലയോ! രോഗി! പിത്തജ്വരത്തിന്നും മദനജ്വരത്തിന്നും നീര് കഷായം, ലേപനം ഇവകളെക്കൊണ്ടോ അഥവാ അമൃതുകൊണ്ടോ ഉള്ള ഉപയോഗം എന്ത്? പ്രിയയുടെ മുഖചുംബനം ഒന്നുതന്നെ മതിയാകുമെന്നു ഇനിക്കു അനുഭവസിദ്ധമായിരിക്കുന്നു.

പ്രാണപ്രേയസിമാംപിബന്തുചുരുഷാഃ പിത്തജ്വരവ്യാകുലാഃ നാനാവല്ലിജലംവിളംബിതഫലം പാനേവിഷാദപ്രദം തത്തൈകിംക്രിയതാംചികിത്സകപതെ മുഖേന്ദുഖംസവ്യതാം സത്ത്വസ്ഥാപഹരാസുധാധികതരഃ കാന്താധരഃകേവലം (൩൪)

അല്ലയോ! പ്രാണവല്ലഭേ! പൈത്തികജ്വരപീഡിതന്മാൎക്കു പലവിധമുള്ള വല്ലികളുടെ കഷായങ്ങൾ സേവിച്ചാൽ ഗുണംകിട്ടുന്നതിന്നു താമസവും ദുഃഖപ്രദവുമാകുന്നു. ഹേ! വൈദ്യശിരോമണേ! പിന്നെ എന്തുചെയ്യണം? അല്ലയോ! മനോഹരി അമൃതിനെക്കാൾ ഏറ്റവും കേവലമാണെന്നു ഗണിച്ചുവരുന്ന പ്രിയയുടെ അധരപാനം ചെയ്താൽ പൊടുന്നനവേ താപത്തെ നശിപ്പിക്കുന്നതാകുന്നു.

കാന്താകടാക്ഷവിശിഖാനാംവൈദ്യകിമൌഷധം
ഗാഢമാലിംഗനംപഥ്യം കാന്താധരചുംബനം (൩൫)

കാമപരവശന്മാൎക്കു ഔഷധം എന്താണെന്നു വൈദ്യൻപറഞ്ഞാലും? നല്ലയൌവനമുള്ള സ്ത്രീയുടെ അധരചുംബനംകഷായവും ഗാഢമായആലിംഗനം പഥ്യവുമാകുന്നു. അല്ലാതെ അന്യൌഷധങ്ങളെക്കൊണ്ടു പ്രയോജനമില്ല.

വാതപിത്തജ്വരത്തിന്നു

പഞ്ചമൂലാമൃതാമുസ്താവിശ്വഭൂനിംബസാധിതഃ
കഷായസ്സമയത്യാശു വായുമായുഭവജ്വരം (൩൬)

പഞ്ചമൂലം=ചെറിയപഞ്ചമൂലം, (ഓരില, മൂവില വഴുതിനരണ്ടും. ഞെരിഞ്ഞിൽ) അമൃതാ=ചിററമൃതു, മുസ്താ=മുത്തങ്ങ, വിശ്വം=ചുക്കു്, ഭൂനിംബം=പുത്തരിച്ചുണ്ടവേര് ഇവകൊണ്ടുണ്ടാക്കിയകഷായം വാതപിത്തജ്വരത്തെ ശമിപ്പിക്കും.

ശ്വാസകാസങ്ങളോടുകൂടിയ
കഫജ്വരത്തിന്നു

ശൃംഗീകണാകട്ഫലപൌഷ്കരാണാം ക്ഷൌദ്രേണചിതാനാവിഹിതോവലേഹഃ ശ്വാസേനകാസേനയുതംബലാത്സാ ജ്വരാജയേച്ഛ്ലേഷ്മകാപിശസ്താ (൩൭)

ശൃംഗി=കൎക്കടകശൃംഗി കണാ=തിപ്പലി, കട്ഫലം=ഞവരതൊലി പൌഷ്കരം=പുഷ്കരമൂലം ഇവസമം [illegible] നിൽകുഴച്ചു സേവിക്കുക ശ്വാസം, കാസമിവയോടുകൂടിയ കഫജ്വരം ശമിക്കും സംശയമൊന്നുമില്ല.

ഭാൎങ്ഗീ[illegible]ചിത്രകദാരുസിംഹീ ശുണ്ഠീകണാപൌഷ്കരജഃ കഷായഃ ജ്വരം നിഹന്തി[illegible]ക്ഷിണോതി ക്ഷുധംകരോതി [illegible] തനോതി

ഭാൎങ്ഗി=ചെറുതേക്ക, ഘനം=മുത്തങ്ങാ, ദാരു=ദേവതാരം സിംഹി=പുത്തരിച്ചുണ്ടവേര, ശുണ്ഠി=ചുക്ക, കണാ=തിപ്പലി, പുഷ്കരജം=പുഷ്കരമൂലം ഈ കഷായം സേവിച്ചാൽ ജ്വരം ശമിക്കും ശ്വാസം നേരെ ആകയും ക്ഷുത്തുണ്ടാകയും വൎദ്ധിച്ച അരോചകം മാറുകയുംചെയ്യും

അരുചിക്ക

മമദ്വയംവിസ്മയമാതനോതി തിക്തകഷായൊ മുഖതിക്തതാംഘ്നഃ നിപീഡിതൊരോജസരോജകോശാ യോഷാപ്രമോദം പ്രചുരം പ്രയാന്തി (൩൯)

അല്ലയോ! പ്രിയതമേ! തിക്ത=കടുകരോഹിണികൊണ്ടുള്ള കഷായം സേവിച്ചാൽ വായിലെ ചവൎപ്പിനെ മാറ്റും.

കട്ഫലകൎത്തൃണാബ്ദധന്യാകാ ശൃംഗ്യുഗ്രഗന്ധാഭയാഭാൎങ്ഗീ പൎപ്പടവിശ്വദേവതരുജൊ ബാൽഹീക മദ്ധ്വന്വിതഃ കാസശ്വാസമുഖാമയ ജ്വരചല ശ്ലേഷ്മപ്രകോപം ഹരേൽ തദ്വക്ത്രാമലകണ്ഠികണ്ഠജനിതാം പീഡാഞ്ചജ്ജീയതേ (൪൦)

കൾഫലം=കുമിഴിവേര, കൎത്തൃണം=കത്തുണപ്പുല്ല, അബ്ദം=മുത്തങ്ങ, ധന്യാകം=കൊത്തമ്പാലയരി, ശൃംഗി=കൎക്കടകശൃംഗി; ഉഗ്രഗന്ധം=വയമ്പു, അഭയാ=കടുക്കാ, ഭാൎങ്ഗി= ചെറുതേക്ക, പൎപ്പടം=പൎപ്പടപ്പുല്ലു, വിശ്വം=ചുക്ക, ദേവതരു=ദേവതാരം ഇവകൊണ്ടുള്ള കഷായത്തിൽ ബാൽഹീകം=കായം മധു=തേൻ ഇവ ചേൎത്തു സേവിച്ചാൽ കുര, എങ്ങൽ, മുഖരോഗം, ജ്വരം, കഫകോപം ഇവ ശമിക്കും ഇതുകൂടാതെ കണ്ഠജനിതമായ രോഗത്തെയും മാറ്റും.

ഗമ്യതേകദ്വഗജഗാമിനിതദ്വയാമദ്വചൎണ്ണകവീന്ദ്രകല്പിതാം സാജ്യസൈന്ധവമരോചകാപഹംമാതുലുംഗഫലകേസരാന്വിതം

അല്ലയോ! മത്തേഭഗമനേ! എന്റെ വചസ്സിനെ ശ്രവിച്ചാലും ആജ്യം=നെയ്യ്, സൈന്ധവം=ഇന്തുപ്പു മാതുലുംഗഫലകേസരം= വള്ളിനാരങ്ങായുടെ അല്ലി ഇവ ഒന്നിച്ചു ചേൎത്തുസേവിച്ചാൽ രുചിക്കേറവു ശമിക്കും

ശമയതികേസരമരുചിം സലവണമാത്രു മാതുലിംഗസ്യ ധാഡിമചൎവ്വണമഥവാചരകൊരുചികാരിസൂചയാമാസ

മാതുലിംഗം=വള്ളിനാരങ്ങകേസരം=അല്ലി, ലവണം=ഇന്തുപ്പു ഇവയോ ധാഡിമചൎവ്വണം= മാതളനാരങ്ങാ അല്ലിയോ സേവിച്ചാൽ അരുചി ശമിക്കും എന്നു ചരകവചനമുണ്ടു.

ത്രിദോഷജ്വരത്തിനു

ഗ്രന്ഥിദ്രുജാമരപുരകൃമിശത്രുഭാൎങ്ഗി ശൃംഗത്രികടുഘനവകൾ

ഫലപൌഷ്കരാണാം രാസ്നാഭയാബൃഹതികാദ്വയ ദീപ്യഭൂത
കേശീകിരാതകവചാചവികാവൃകീണാം (൪൩)

കഷായോഹന്ത്യാൽസന്നിപാതാൻ സമുഗ്രാൻ ബുദ്ധിഭ്രംശം
സ്വേദശൈത്യ പ്രലാപാൻ ശൂലാദ്ധ്മാനംവിദ്രധിശ്ലേഷ്മവാ
താനപാതവ്യാധീൻസൂതികാനാഞ്ചതദ്വൽ (൪൪)

ഗ്രന്ഥീ=തിപ്പലിവേര, ഇന്ദ്രജം=കുടകപ്പാലയരി, അമര=ദേവതാരം പുര=ഗുൽഗുലു കൃമിശത്രു=വിഴാലരി ഭാൎങ്ഗി=ചെറുതേക്കു ഭൃംഗീ=കയ്യോന്നി ത്രികടാ=ത്രികട്ടുക അനലം=കൊട്ടവേലിക്കിഴങ്ങു കാരംഫല=കഴഞ്ചിവേര പൌഷ്കരം=പുഷ്കരമൂലം രാസ്നാ=അരത്ത അഭയാ-കടുക്ക, ബൃഹതികാദ്വയം=വഴുതിനരണ്ടും ദീപ്യം=അയമോദകം ഭൂതകേശീ=കരുനൊച്ചി കിരാതകം=പുത്തരിച്ചുണ്ടവേര വചാ=വയമ്പു ചവികം= കാട്ടുമുളകിൻവേര വൃകി=പാടത്താളി ഇവകൊണ്ടുള്ളകഷായം കഠിനമായ സന്നിപാതജ്വരങ്ങളേയും ബുദ്ധിഭ്രമം വിയൎപ്പ് തണുപ്പ പേപറക വേദന വയർവീൎപ്പ് വിദ്രധി കഫം വായു ഇവയേയും പ്രസവിച്ച സ്ത്രീകളുടെ വാതരോഗത്തേയും ശമിപ്പിക്കും

അൎക്കാനന്താകിരാതാമരതരുരസനാസിന്ദുവാരോഗ്രഗന്ധാ
തക്കാരീശിഗ്രുപഞ്ചോഷണഘുണദയിതാമാൎക്കവാണാംകഷായഃ
സദ്യസ്തീവ്രാൻത്രിദോഷാന പഹരതിധനുൎമ്മാരുതാന്ദന്തബന്ധം
ശൈത്യംഗാത്രേഷുഗാഢം ശ്വസനകസനകസൂതികാവാതരോ
ഗാൻ (൪൫)

അൎക്ക=എരിക്കിൻവേര, അനന്ത=കൊടിത്തൂവവേര, കിരാതം=പുത്തരിച്ചുണ്ടവേര, അമരതരു=ദേവതാരം, രസന=വെള്ളുള്ളി, സിന്ദുവാരം= കരിനൊച്ചി, ഉഗ്രഗന്ധം=വയമ്പു, തക്കാരീ= മുഞ്ഞവേര, ശിഗ്രു=മുരിങ്ങ; പഞ്ചോഷണം=തിപ്പലി, തിപ്പലിവേര, കൊട്ടുവേലി, ചുക്കു, മുളകു, ഘുണദയിതാ=അതിവിടയം, മാൎക്കവം=കയ്യോന്നി ഇവകൊണ്ടുള്ള കഷായം കഠിനമായ സന്നിവാതത്തേയും ധനുർവാതത്തെയും ദേഹത്തിൽ അധികം തണുപ്പുകൊണ്ടു പല്ലുകടിക്കുന്നതിനേയും ശ്വാസം, കുര, സൂതികകൾക്കുള്ള വാതരോഗം ഇവയേയും ശമിക്കും

തിക്താതിക്തകപൎപ്പടാമൃത ശഠീരാസ്നാകണാപൌഷ്കര
ത്രായന്തീബൃഹതീസുരൌഷധശിവാദുസ്പൎശഭാൎഗ്ഗീകൃത കഷായോ
നാശയതിത്രിദോഷതികരം സന്താപംദിവാജാഗരം നക്തം തൃ
ൺമുഖശോഷദാഹകസനശ്വാസാനശേഷാനപി (൪൬)

തിക്താ=കട്ടുകരോഹണി, തിക്തകം=പുത്തരിച്ചുണ്ട, പൎപ്പടം=പൎപ്പടകപ്പുല്ലു, മൃതാ=ചിററമൃതു, ശഠീ=കച്ചോലം, രാസ്നാ=

അരത്ത, കണാ=തിപ്പലി, പൌഷ്കരം=പുഷ്കരമൂലം. ത്രായന്തീ=ബ്രഹ്മി, ബൃഹതി=ചെറുവഴുതിനവേര്, സുര=ദേവതാരം, ഔഷധം=ചുക്ക, ശിവാ=കടുക്കാത്തോട്. ദുസ്പർശം=കൊടിത്തൂവവേരു, ഭാർഗ്ഗീ=ചെറുതേക്ക, ഇവകൊണ്ടുണ്ടാക്കിയ കഷായം സന്നിപാതങ്ങളും പകലും രാത്രിയും ഉറക്കമില്ലാത്തതും വെള്ളം ദാഹവും മുഖവരൾച്ചയും ഉഷ്ണവും എല്ലാ ശ്വാസകാസങ്ങളും ശമിയ്ക്കും.

സന്നിപാതസ്യകാലസ്യ കശ്ചിത്ഭേദോനവിദ്യതെ
ചികിത്സകോജയേദ്യാസ്തം തസ്മാൽകോസ്തിപ്രതാപവാൻ.

മൂന്ന ദോഷങ്ങളുംകൂടി കോപിച്ചാൽ സന്നിപാതകമാകുന്നു. അതിനെ എളുപ്പത്തിൽ ജയിക്കാൻ കഴിയുന്നതല്ല. യാതൊരുഭിഷക് ജയിക്കുന്നുവോ അവൻ പ്രതാപവാൻതന്നെ ആകുന്നു.

സന്നിപാതോദധൌമഗ്നാനുദ്ധരേദ്യഃ കൃപാകരഃ
തസ്മൈകിംകിംനദേയംസ്യാ ദപദകോവിദനന്ദനീ. (൪൯)

അല്ലയോ കോവിദനന്ദനീ! ത്രിദോഷമാകുന്ന കടലിൽ മഗ്നമായിരിക്കുന്നവരെ ദയാശാലിയായിരിക്കുന്ന യാതൊരു വൈദ്യൻ കരകേറ്റുന്നുവോ? അവനായിക്കൊണ്ട് ഏതൊന്നിനെ ആണു കൊടുക്കപ്പെട്ടുവാൻ യോഗ്യമല്ലാത്തതു?

ത്രിദോഷാജഗരഗ്രസ്തായോജയെച്ഛിന്നവൈദ്യരാൾ
ആത്മാവിതസ്യദാതവ്യം കിംപുനഃ കനകാദികം (൫൦)

സന്നിപാതമാകുന്ന സർപ്പത്താൽ ഗ്രസിക്കപ്പെട്ടിരിക്കുന്നേവരെ യാതൊരുത്തൻ വിട്ടുവിക്കുന്നുവോ അവൻ ചികിത്സകന്മാരിൽവച്ച് അഗ്രഗണ്യനാകുന്നു. അവനു ജീവൻപോലും ദാനം ചെയ്വാൻ യോഗ്യമുള്ളതാകയാൽ അധികം ധനത്തെക്കൊണ്ടെന്തുഫലം.

യശ്ശ്ലോഷ്മശ്രുതിമൂലജസ്സ കഠിനശ്ശാന്തേത്രിദോഷജ്വരേ
രക്തംതത്രജലൌകയാപരിഹരെത്സപ്പിദ്ധപിബേച്ചാത്ര
രാസ്നാനാഗരലിംഗമൂലഹുതഭുഗ്ദാർവ്യഗ്നിമന്ഥസ്സമൈ
ർല്ലേപസ്സ്യാദരവിന്ദവക്ത്രവദനേശോഫവ്യഥാശാന്തയേ.

ത്രിദോഷജ്വരം ശാന്തമായതിൽപിന്നെ ചെവിയുടെചുവട്ടിൽ കട്ടപ്പമായുണ്ടാകുന്ന ശോഫത്തിനു അവിടെ അട്ടയെക്കൊണ്ടു കടിപ്പിച്ചു രക്തം കളകയും നെയ്യ സേവിക്കയും രാസ്നാ=അരത്ത, നാഗരം=ചുക്ക, ലിംഗമൂലം=നാരകവേരു, ഹുതഭുക്=കൊടുവേലി, ദാർവ്വി=മരമഞ്ഞൾത്തൊലി, അഗ്നിമന്ഥം=മുഞ്ഞവേരു ഇവ സമം അരച്ചുതേക്കയും ചെയ്താൽ നീരുമാറും.

ജീർണ്ണജ്വരത്തിന്നു.

ശൂലാൽപാർശ്വശിരസ്ഥിതാൽ കസനതശ്ശ്വാസാച്ച ജീർണ്ണജ്വരാൽ മുക്തസ്സ്യാൽ പുരുഷഃ പയഃ പരിപിബൻ പഞ്ചാംഘ്രിണാ പാചിതം ഏകാംശെസഗുഡംപിപ്പലീവിജയതേജീർണ്ണജ്വരം ജീർണ്ണക ക്ഷുന്മാന്ദ്യാരുചിപാണ്ഡു,ജന്തുകസന ശ്വാസാൻകിമന്ന്യൈരൗഷധൈഃ.

പഞ്ചാംഘ്രി=വലിയപഞ്ചമൂലം (കുമിഴിവേരു, കൂവളവേരു, മുഞ്ഞവേരു, പയ്യാഴാന്തവേരു, പാതിരിവേരു) കൊണ്ടുള്ള കഷായം സേവിച്ചാൽ വാരിപ്പുറം, ശിരസ്സ്, ഈ സ്ഥാനങ്ങളിലുള്ളവേദന, കുര, ശ്വാസം, ജീർണ്ണജ്വരം ഇവകൾ ശമിക്കും ഗുഡം=ശർക്കര ഒരുഭാഗം, പിപ്പലി=തിപ്പലി അതിൽ പാതിപൊടിച്ചു രണ്ടുംകൂട്ടി കുറച്ചു സേവിച്ചാൽ ജീർണ്ണജ്വരം, അജീർണ്ണം,അഗ്നിമാന്ദ്യം, അരുചി പാണ്ഡുരോഗം, കുര, ശ്വാസം ഇവയൊക്കയും ശമിക്കും മററു മരുന്നുകൾ വേണമെന്നില്ല.

ജീർണ്ണജ്വരംകഫകൃതം കണയാസമേതഃ ഛിന്നോത്ഭവോത്ഭവകഷായകഷായ,വഹന്തി രാമോദശാസ്യമിവരാമ ഇവപ്രലംബം രാമോയഥാസഹരമൂർത്തികാർത്തവീര്യം. (൩൨)

ഛിന്നോത്ഭവാ=ചിററമൃതു, കഷായംവച്ചു അതിൽ കണാ=തിപ്പലി പൊടിച്ചുചേൎത്തു സേവിച്ചാൽ ജീർണ്ണജ്വരവും കഫത്തിൽനിന്നുണ്ടായ ജ്വരവും ശമിക്കും. ശ്രീരാമൻ ദശഗ്രീവനെ എന്നപോലെ ഹലായുധൻ പ്രലംബൻ എന്ന അസുരനെ എന്നപോലെയും രേണുകയുടെ പുത്രനായ പരശുരാമൻ കാൎത്തവീര്യനെ എന്നപോലെയും ഹനിക്കും.

ജ്വരത്തിന്നു.

പഞ്ചമൂലീകഷായസ്യ സകൃഷ്ണസ്യനിഷേവണാൽ
ജീർണ്ണജ്വരഃകഫോൽഭൂതൊ വിദ്രവാതിപലായനം

പഞ്ചമൂലി=വലിയപഞ്ചമൂലം കഷായംവച്ചു കൃഷ്ണ=തിപ്പലിചേൎത്തു സേവിക്ക. ജീർണ്ണജ്വരവും കഫസംഭവമായ ജ്വരവും വിട്ടുപോകും

ശടീശുണ്ഠീരേണുസ്സുരതരുരനന്താബൃഹതികാ
ഫലന്യസ്തിക്താതിക്തഃഖലുനവഭിരേഭിർവ്വിരചിതഃ.
പീതോയം2ധുകണവിമിശ്രശ്ശമയതിത്രിദോഷം
നിശ്ശേഷംവിഷമമപിജീർണ്ണജ്വരമപി (൩൪)

ശടി=കച്ചോലം, രേണു=പപ്പടകപ്പുല്ല്, സുരതരു=ദേവതാരം, അനന്താ=കൊടിത്തൂവവേരു, ബൃഹതികാ=ചെറുവഴുതിനവേരു, ഫലനം=മുത്തെങ്ങാ, തിക്താ=പുത്തരിച്ചുണ്ട, തിക്താ=

ട്കരോഹണി ഇവകൊണ്ടുള്ളകഷായം മധു=തേൻ, കണ=തിപ്പലി ഇവചേൎത്തു സേവിച്ചാൽ സന്നിപാതജ്വരവും, അഖിലവിഷമജ്വരവും, ജീൎണ്ണജ്വരവും ശമിക്കും.

വിഷമജ്വരത്തിനു.

വാശാപടോലത്രിഫലാ ദ്രാക്ഷാശമ്യാകനിംബജഃ
സമധുസ്സസിതഃകാഥേ ഹന്യാദേകാഹികംജ്വരം

വാശാ=ആടലോടകം, പടോലം, ത്രിഫലാ=നെല്ലിക്കാ, താന്നിക്കാ, കടുക്കാ, ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം, ശമ്യാകം=കൊന്ന, നിംബജം=വേപ്പിൻതൊലി ഇക്കഷായം മധു=തേൻ, സിതാ=പഞ്ചസാര ഇവചേൎത്തു സേവിച്ചാൽ ഏകാഹികജ്വരം ശമിക്കും.

തന്വംഗിഗംഗോത്തരതീരഭൂമൌ മമാരഹാകോപ്യസുത
സ്താപസഃ ജലാഞ്ജലിംതസ്യകൃതേദാതുസൈകാഹികസ്യാദ്യദി
തേനുജന്മാ
(൩൯)

ഹേ! തന്വാംഗി! ആരോ പുത്രനില്ലാത്ത ഒരു താപസൻ ഗംഗയുടെ ഉത്തരതീരത്തിൽവച്ചു പ്രാണപ്രയാണംചെയ്തു. അദ്ദേഹത്തിനായിക്കൊണ്ടു നിൻെറ അനുജന്മാർ ഉദകക്രിയകഴിക്കട്ടെ അതുകൊണ്ടുതന്നെ അവൻെറഏകാഹികജ്വരംശമിക്കും.

ഗ്രന്ഥാന്തരഭേദം

സമുദ്രസ്യോത്തരെതീരെ ദ്വിവിദോനാമവാനരഃ
തസ്യസ്മരണമാത്രേണ ജ്വരൊയാതിദിഗന്തരം (൪൦)

ഈ പദ്യത്തെത്തന്നെ തെററാതെ നൂറെറട്ടാവൎത്തി ജപിച്ചാൽ പനിവിടും. ഇതിലേക്കു പലശാസ്ത്രങ്ങളുമുണ്ടു്. ഗ്രന്ഥവിസ്താരഭയംകൊണ്ടു ചുരുക്കുന്നു.

തൃതീയകജ്വരത്തിനു

സശിശിരസ്സധനസ്സമഹൌഷധഃ സ്സനലദസ്സകണസ്സപ
യോധരഃ സമധുശൎക്കരഏഷകഷായകോ ജയതിബാലമൃഗാക്ഷി
തൃതീയകം
(൪൧)

ശിശിരം=ചന്ദനം; ധനം=കൊത്തമ്പാലയരി, മഹൌഷധം=ചുക്കു, നലദം=കൊടുവേലി; കണ=തിപ്പലി, പയോധരം=മുത്തങ്ങ ഈകഷായം മധു=തേൻ ശൎക്കര=പഞ്ചസാര ഇവചേൎത്തു സേവിച്ചാൽ തൃതീയകജ്വരം ശമിക്കും.

ചാതുൎത്ഥികത്തിനു

ചാതുൎത്ഥികോഗച്ഛതിരാമഠസ്യ ഘൃതേനജീൎണ്ണേനയുതസ്യ
നസ്യാൽ ലീലാവതീനാംനവയൌവനാനാം മുഖാവലോകാദി
വസാധുഭാവഃ
(൪൨)

നാലാമതുറപ്പനിക്കു പഴയപശുവിൻനെയ്യിൽ കായംചേൎത്തു കാച്ചി അതുകൊണ്ടു നസ്യംചെയ്ക ശമിക്കും. യൌവനസ്ത്രീകളുടെ ഉഷ്ണാലിംഗനം ഹേതുവായിട്ടു സംഭവിക്കാവുന്ന ശീതം മാറുന്നതാവാ അനുഭവപ്പെടുന്നതാകുന്നു.

അലംബുഷീതകലശ്ശൂലാ കലാനിധിസമാനനേ
പാതുര്ത്ഥികഹരം നസ്യം മുനിദ്രുമദലാംബുനാ

ഹേ ചന്ദ്രവദനേ! മുനിദ്രുമദലാംബു=അഗസ്തി ഇലനീരുകൊണ്ടു നസ്യംചെയ്താൽ നാലാംമുറപ്പനി ശമിക്കും.

ശീതജ്വരത്തിന്നു

തക്രം ത്ര്യൂഷണചൂൎണ്ണയുക്തമഥവാ മദ്യം ഹസന്തിം സതീം തല്പം വൈരല്ലകകംബളകബാന്ശീതാൎത്തസ്ത്രീലയേൽ ആലിംഗേയുരമുംഹ്രിമാവധി ദ്യേഹം താരുണ്യദൎപ്പാലസാഃ കാശ്മീരാഗരുലിപ്തപീവരകുചാഃ കാമാംകുരശ്ശീദൃശഃ (൩൧)

പശുവിൻമോരിൽ ത്രികടുക പൊടിച്ചു സേവിക്കയോ അല്ലെങ്കിൽ മദ്യംസേവിക്കയോ ചെയ്ക. ശീതമധികമുള്ളവർ ചൂടുള്ളതായ കംബളം ശകലാസ് മുതലായവയെക്കൊണ്ടു പുതെക്കുക. കാശ്മീരം=കുങ്കുമം അഗരു=അകിൽ ഇവ അരച്ചുതേച്ചു തടിച്ചു കുചങ്ങളുള്ള സ്ത്രീകളോടുകൂടി വിറമാറുന്നതുവരെ ആലിംഗനംചെയ്ക ഇവ ഒക്കെയും ശീതജ്വരത്തിന്നു നല്ലതാകുന്നു.

ശക്രാഹ്വാ ഭദ്രവല്ലീ വിഷാമൃതാനാം നിൎഗ്ഗുണ്ഡികാ ഭൃംഗമഹൌഷധാനാം ക്ഷുദ്രായവാനീസഹിതഃ കഷായ ശ്ശീതജ്വരാരണ്യഹിരണ്യരേതാഃ (൩൨)

ശക്രാഹ്വാ=കുടകപ്പാലയരി, ഭദ്രവല്ലീ=കൊടുവേലി, വിഷാ=അതിവിടയം, മൃതാ=ചിറാമൃതു, നിൎഗ്ഗുണ്ഡി=കരിനൊച്ചി ഭൃംഗം=കയ്യോന്നി, മഹൌഷധം=ചുക്കു, ക്ഷുദ്ര=ഓരിലവേരു യവാനി=ദീപ്യകം ഇവകൊണ്ടുള്ളകഷായം ശീതജ്വരമാകുന്ന അരണ്യത്തെ ദഹിപ്പിപ്പതിന്നുള്ള അഗ്നിയാകുന്നു.

വചാദ്യുഷ്ണജിതാമൃതാ മൃതലതാ ലക്ഷ്മീശിവാ ഭേശിവാ വിശാവിശ്വാവതേലനൊവഘനകചേ സിംഹീച സിംഹോദരീ ഏഭിഃ പഞ്ചഭിരൌഷധൈൎമ്മധുകണായുക്തഃ കഷായഃ കൃതഃ പീതശ്ചൈകാഹിക മജ്വരം കിമുത ഭോ താന്നാപി നക്ഷീയതേ (൩൩)

മൃതലതാ=ചിറാമൃതു; ശിവാ=നെല്ലിക്ക, വിശ്വം=ചുക്കു, ഘനം=മുത്തങ്ങ, സിംഹി=ചെറുവഴുതിനവേരു ഇവ അഞ്ചുകൂട്ടവും ചേൎത്തു കഷായംവെച്ചു മധു=തേൻ കണാ=തിപ്പലി. ഇവചേൎത്തുസേവിക്ക വിഷമജ്വരംശമിക്കും.

സനാഗതായാസ്സു പയോധരായാസ്സു സിംഹികായാസ്സുമളേ

ചികായാ ധാത്ര്യാൎക [illegible] മധുനാ [illegible] കണാ [illegible]
ധുനാ [illegible]

(൬൪)

നാഗരം=ചുക്ക, [illegible] സിംഹികാ=ചെറു വഴുതിനവേര, [illegible] ധാത്രി=നെല്ലിക്ക, ഇവ കഷായം [illegible] മധു=തേൻ ചേൎത്തോ കണാ=തിപ്പലി ചേൎത്തോ സേ വിക്കുക വിഷമജ്വരം ശമിക്കും.

നസ്യാനി [illegible] പറഞ്ഞുകാരണനാ സോനകയ്യാൽ തൈലേന യുക്ത [illegible] മഹാസ [illegible] വിഷമജ്വരേച

(൬൫)

രസോനം=വെള്ളുള്ളി കല്ക്കംചേൎത്ത എണ്ണകാച്ചിസേവി ച്ചാൽ മഹാവാതത്തിനും വിഷമജ്വരത്തിനും ഇതിലധികമാ യിട്ട് ഗുണമുള്ള മരുന്നുകൾ വേറെ ഇല്ല.

വേതിവിഷമഹൌഷധീ [illegible] വേതിവിഷ [illegible] പിപ്പലീ [illegible] വിഷമജ്വര [illegible]
ഡനപ്രശമയതി [illegible] സേവ്യ [illegible]

(൬൬)

ഹരീതകീ=കടുക്കപൊടിച്ച മധു=തേൻചേൎത്തു സേവിക്കുക പിപ്പലി=തിപ്പലി കഷായംവെച്ചുസേവിക്കുക [illegible]=ജീരകം പൊടിച്ചു ഗുഡം=ശൎക്കര ചേൎത്തുസേവിക്കുക. [illegible] തിപ്പലി ജീരകം ഇവ എല്ലാംപൊടിച്ചു ഗുളം=ശൎക്കരകൂട്ടിസേ വിക്കുക ഈ പ്രയോഗങ്ങൾ എല്ലാം വിഷമജ്വരത്തെ നശി പ്പിക്കും.

[illegible] പ്രസൂ [illegible] കടുരോഹി [illegible] പ്രകല്പിത കഷായകോ വിഷമജ്വരത്തെ

(൬൭)

[illegible] പടോലം=പടവലം കടുരോഹി ണി=കടുകരോഹിണി മധുകം=അതിമധുരം ഹരീതകീ=കടുക്ക മു സ്തം=മുത്തങ്ങ ഇവകൊണ്ടുണ്ടാക്കപ്പെട്ടകഷായം വിഷമജ്വര ത്തെ വേഗത്തിൽ [illegible]

[illegible] കഷായം [illegible]
[illegible]

അല്ലയോപ്രിയേ! [illegible] അന്വഹിതമ കഷി 8 [illegible] വിഷമജ്വരത്തിങ്കൽ കലിംഗ പടവലം, നിംബം=വേപ്പ്, സിംഹീ=ചെറുവഴുതിനവേര; ഇ

ന്ദ്രജം=കുടകപ്പാലയരി, അമൃതാ=ചിററമൃതു ഇവകൊണ്ടുള്ള കഷായം മധു=തേൻചേൎത്തു സേവിക്കുന്നതു ഏററവും നന്നു

യോജിതേ സമധുശ്യാമാം ഹേ! ഹേമകലശസ്തനി
വിഷമജ്വരനാശസ്യ സ്തന്യനവേതികദാചന (൯)

അയ്യയോ! പൊൻകുടംപോലെയിരിക്കുന്ന സ്തനത്തോടുകൂടിയവളെ ശ്യാമാ=ശിവതപൊടിച്ചു മധു=തേൻചേൎത്തലിച്ചുസേവിച്ചാൽ വിഷമജ്വരം ഒരിക്കൽപോലും ഉണ്ടാകുന്നതല്ല.

ക്ഷണമപി ചപലതാംവിഹീഹിമുഗ്ദ്ധേ ശൃണുവചനം മമ താപിസാവധാനാ വസതിശിരസിമേഘനാദമൂലെ വ്യജതിതരാം വിഷമോവിശാലനേത്രേ (൰)

അല്ലയോ മനോഹരി ചാപല്യത്തെ ക്ഷണനേരത്തിൽ ഉപേക്ഷിച്ചു സാവധാനയായിട്ടു എന്റെവാക്യത്തെ കേട്ടുകൊണ്ടാലും മേഘനാദമൂലം=കടലാടിവേരു ശിരസിൽബന്ധിക്കപ്പെട്ടാൽവിഷമജ്വരംശമിക്കും

വിഷമമപഹരത്യസൌകഷായോ മധുമധുരോ മധുരാമൃതാശിവാനാം അഹമിവതവകാമിനീപ്രകോപം ചരണസരോരുഹയോർല്ലുഠൻഹരേന

അമധുരം=വേപ്പു, അമൃതം=ചിററമൃതു, ശിവം=നെല്ലിക്ക ഇവകൊണ്ടുള്ളകഷായം മധു=തേൻ ഒഴിച്ചു സേവിച്ചാൽ വിഷമജ്വരത്തെ അപഹരിക്കും അല്ലയോ സുന്ദരി! എന്റെപാദലാളനംകൊണ്ടു നിന്റെവലുതായകോപംശമിക്കുന്നതുപോലെ യാകുന്നു.

അംബാലകൃതകാമബാലെ ചലദ്കൈകമലോത്തരത്നകലെ അമൃതാബ്ദശിവംമധുമദേപിഷയേൽ വിഷമേഷു വിലാസരതെവൃതനു (൧൨)

ഹേ! രത്നകലെ അമൃതാ=ചിററമൃതു, അബ്ദം=മുത്തങ്ങ ശിവം=കടുക്ക ഈ കഷായം മധു=തേൻകൂട്ടിസേവിച്ചാൽ വിഷമജ്വരത്തിന്നുനന്നു

അയികശാംഗ്രസമാനമതെമതെമതിമതംമതിമന്മഥമന്ദിരെ ജ്വരഹരംരുഗരിഷ്ടശിവാവചാ യവഹവിർജ്ജരസർഷപധൂപനം

അല്ലയോ ബുദ്ധിമതി! രുക്=കൊട്ടം, അരിഷ്ടം=വേപ്പു. ശിവാ=കടുക്ക, വചാ=വയമ്പു, യവം= യവധാന്യം, ഹവിസ്സു=നെയ്യ്, സർഷപം=കടുക ഇവയുടെ പുക ദേഹത്തിൽ കൊണ്ടാൽ ജ്വരംനശിക്കും.

പ്രത്യാവൎത്തി ജ്വരത്തിന്നു

തിക്തോശീരബലാധാന്യ പൎപ്പടാംബോധരൈഃകൃതഃ

കഷായഃപുനസ്സമായാതജ്വരംശീഘ്രംനിവാരയേൽ

തിക്താ=കട്ടുകരോഹിണി, ഉശീരം=രാമച്ചം, ബലാ=കുറുന്തോട്ടി, ധാന്യക=കൊത്തമ്പാലയരി, പർപ്പടം=പർപ്പടകപ്പുല്ല്, അംബോധരം=മുത്തെങ്ങാ ഇവകൊണ്ടുള്ളകഷായം ശമിക്കപ്പെട്ട ജ്വരം വീണ്ടും ഉണ്ടായാൽ അതിനെ ശമിപ്പിക്കും.

ഗോപീപദ്മാമലകസഹിതാമഗധാജാതിതിക്താപയഃ പാലനി
ദ്രാക്ഷാത്രിഫലധാവനീഹിമവിഷാമുസ്തേന്ദ്രജൈസ്സാധിതം സാ
ജ്യംവിഷമജ്വരക്ഷയശിരഃപാർശ്വവ്യഥാരോചക മൂർച്ഛാശോ
ഷഹലീമകപ്രശമനംലീലാവതാമഞ്ജരി (൨.)

ഗോപീ=നറുനണ്ടി, പാൽവള്ളി, ആമലകി=കീഴാനെല്ലി, സഹിതാ=ഓരിലവേര, മഗധാ=തിപ്പലിവേര, തിക്താ=കട്ടുകരോഹിണി, പയം=ഇരുവേലി, പാലനി=ശിവതാ, ദ്രാക്ഷാ=മുന്തിരിങ്ങ, ത്രിഫലം=മുമ്മൂവരാ, ധാവനി=ചെറുവഴുതിന, ഹിമം=ചന്ദനം, വിഷാ=അതിവിടയം, മുസ്ത=മുത്തങ്ങ, ഇന്ദ്രജം=കുടകപ്പാലയരി, ഇവകൊണ്ടുള്ള കഷായം ആജ്യം=നെയ്യ് ചേർത്തുസേവിച്ചാൽ വിഷമജ്വരം, ക്ഷയം, ശിരസ്സിലും വാരിപ്പുറങ്ങളിലുമുള്ള വേദന, അരോചകം, മൂർച്ഛ, കൃശത, ഹലീമകം ഇവ ശമിക്കും.

വല്ലാലതരുസേവനോരോമകന്ദ്രന്ത്രഭക്ത്യാ പരിജനാളനു
പൂജാകൃഷ്ണനാമ്നാംസഹസ്രം മണിദ്യുതിരപിദാനാന്യശിഷ
സ്താപസാനാം സകലമിദമരിഷ്ടംപുഷ്ടമഷ്ടജ്വരാണാം.

അശ്വത്ഥപ്രദക്ഷിണം, ഹോമം, മന്ത്രധ്യാനം, ദേവധ്യാനം, ദേവപൂജ, ഗുരുപൂജ, സഹസ്രനാമംകൊണ്ടുള്ളകൃഷ്ണപൂജ, ദിവ്യരത്നധാരണം, ചതുർവിധദാനകർമ്മം, മഹർഷികളുടെ അനുഗ്രഹം സമ്പാദിക്ക, ഇവയെല്ലാം നാനാവിധമായുള്ള അരിഷ്ടങ്ങളെയും, എട്ടുവിധമുള്ള ജ്വരങ്ങളെയും നശിപ്പിക്കും.

അയമതനകലെകല്പാനിധെ കഃസ്മലോകോകില കോമളസ്വ
രെ ജ്വരവാൻജ്വരവർജ്ജിതോഥവാ ലഘുകന്നാശനം ദിനാ
ന്ത്യകേ. (൭)

അല്ലയോ രത്നാകരേ! ജ്വരം പിടിപെട്ടവനോ, അല്ലെങ്കിൽ ജ്വരനിവൃത്തിതനോ ആയിട്ടുള്ളവൻ ദിനാവസാനത്തിങ്കൽ ലഘുദ്രവ്യങ്ങളെ ഭുജിക്കണം.

ജ്വരാതിസാരത്തിന.

അമൃതാതിവിഷാമ്പുരജശ്യവാ സ്മിനാഭിതമുസ്താതകവിശ്വ
പഥ്യാ അതിസാരഹരാജ്വരനാശകരം ശ്രേണനിർഭിന്നമുസ്താ
മേകവൈ.

അമൃതാ=ചിററമൃത്, അതിവിഷ=അതിവിടയം, സുരരാജവ=കടകപ്പാലയരി, സ്തനയിത്നു=മുത്തങ്ങ, കിരാതകം=പുത്തരിച്ചുണ്ട, വിശ്വം=ചുക്ക, പയം=ഇരുവേലി, ഇവകൊണ്ടുള്ള കഷായം അതിസാരത്തേയും, ജ്വരത്തേയും ഹരിക്കും.

ശീതോശീരകയുഗ്മവത്സകവൃകീ പത്മാഹ്വധാന്യാമൃതാ
ഭൂനിംബാംബുദബാലവില്വകവിഷാ വിശ്വൌഷധൈസ്സാധിതഃ കഷായോമാക്ഷികസാക്ഷികോവജയതെ ഹൃല്ലാസതൃണ്ണാവമീദാഹാരോചകസംഘശാംഗചതുരസ്സർവ്വാതിസാരജ്വരാൻ.

ശീതം=ചന്ദനം, ഉശീരയുഗ്മം=രാമച്ചം, ഇരുവേലി, വത്സകം=കടകപ്പാലയരി, വൃകീ=പാടക്കിഴങ്ങ, പത്മാഹ്വം=പതിമുകം, ധാന്യം=കൊത്തമ്പാലയരി, അമൃതം=അമൃത്, ഭൂനിംബം=പുത്തരിച്ചുണ്ട, അംബുദം=മുത്തങ്ങാ, ബാലവില്വം=ഇളയകൂവളക്കാ, വിഷാ=അതിവിടയം, വിശ്വൌഷധം=ചുക്ക, ഇവകൊണ്ടുള്ള കഷായം വച്ചു തേൻചേർത്തു സേവിച്ചാൽ നെഞ്ചുകലിപ്പു, വെള്ളംദാഹം, ഛർദ്ദി, ചുട്ട, അരോചകം, ഇവകളോടുകൂടിയ എല്ലാ ജ്വരാതിസാരങ്ങളേയും ശമിപ്പിക്കും.

പഞ്ചമൂലീവൃകീവില്വബലേന്ദ്രബീജ ത്വക്സേവ്യതിക്താമൃതവിശ്വവില്വൈർജ്വരാതിസാരാൻസവമീൻസകാസാൻസശ്വാസശൂലാൻശമയേൽ കഷായഃ.

പഞ്ചമൂലീ=ചെറിയപഞ്ചമൂലം, വൃകീ=പാടക്കിഴങ്ങ്, അബ്ദം=മുത്തങ്ങ, ബലാ=കുറുന്തോട്ടിവേര, ഇന്ദ്രബീജം=കടകപ്പാലയരി, ത്വക്=കടകപ്പാലവേരിലെത്തൊലി, സേവ്യം=രാമച്ചം, തിക്താ=പുത്തരിച്ചുണ്ട, അമൃതം=ചിററമൃത്, വിശ്വം=ചുക്ക, വില്വം=കൂവളവേര ഇവകൊണ്ടുള്ളകഷായം ജ്വരാതിസാരം, ഛർദ്ദി, കാസശ്വാസം, വയറുവേദന ഇവയെ ശമിപ്പിക്കും.

കഫാധികേവാപ്യനിലാധികേവാ ചയാധികേവാഗുരുപഞ്ചമൂലം പിത്താധികേസ്യാല്ലഘുപഞ്ചമൂലം പുനഃപുനഃപൃച്ഛസികിംമൃഗാക്ഷി

(വ്യ.)

അല്ലയോ! മൃഗാക്ഷി! വീണ്ടും വീണ്ടും ചോദിക്കുന്നതെന്തിന്? കഫത്തിന്റെ ആധിക്യത്താലൊ കഫവാതങ്ങളുടെ ആധിക്യത്താലൊ ചേർക്കേണ്ടതു വലിയ പഞ്ചമൂലമാകുന്നു. പിത്താധിക്യത്തിൽ ചേർക്കേണ്ടതു ചെറിയ പഞ്ചമൂലമാകുന്നു.

സദേവദാരുസ്സവിഷസ്സപാഠസ്സമുസ്ത [illegible] സതീക്ഷ്ണഃ സവത്സകഃ [illegible] ശോഫാതിസാരം [illegible] ജയേന്മാ

(വ്യ.)

ദേവദാരു=ദേവതാരം, വിഷ=അതിവിടയം, പാഠ=പാ

ചാങ്ങേൾ കണ്ടകാരീകണ്ടകാരീവിജയതേ ശകതാമസ്തുലാനപിതാ തി
സാരം കുടജ ത്വഗ്വിലവകവിശ്വോ മിതെല്പ്യകഷായകൃതഃ

ഇല്ലുമേൽ സാലേ കടജം=കടകപ്പാലയരി, അമ്പും=മു
ത്തങ്ങ, വിലപാം=കൂവളവേര, വിശ്വാം=അതിവിടയം, ഉഷ്ണം
ഇരുവേലി, ഇവകൊണ്ടുള്ള കഷായം രക്തം, ആമദോഷം വേ
ദന ഇവയോടുകൂടിയ അതിസാരത്തെ ശമിപ്പിയ്ക്കും.

ഗംഗാധരചൂർണ്ണം

ധാതക്യാമലകീപയോധര വൃകീകടപംഗയഷ്ടീമധുശ്രീജം
ബാമ്പൂഫലാസഹിനാഗരവിഷംഹ്രീബേരലോധ്രേന്ദ്ര ജൈസ്തുല്യാം
ശംവിഖ്യാതം സതണ്ഡുലജലംഗംഗാധരാഖ്യംമഹാ ചൂർണ്ണംത്വൻ
മപകരോതി സകലംമീന്ദ്രാതിസാരംഹരം (വൃൻ)

ധാതകീ=താതിരിപ്പൂവ്, ആമലകീ=നെല്ലിക്കാ, പയോ
ധരം=മുത്തങ്ങാ, വൃകീ=പാടക്കിഴങ്ങ്, കടപംഗം=പെരുമരപ്പ
ട്ട, യഷ്ടിമധു=ഇരട്ടിമധുരം, ശ്രീ=കൂവളക്കാ, ജംബു=ഞാവൽ,
അമ്രഫലാസഥീ=മാങ്ങായണ്ടി, നാഗരം=ചുക്ക, വിഷം=അതിവി
ടയം, ഹ്രീബേരം=ഇരുവേലി, ലോധ്രം=പാച്ചോറ്റി, ഇന്ദ്ര
ജം=കടകപ്പാലയരി ഇവ സമം എടുത്തു പൊടിച്ചു അരികഴുകി
യ കാടിയിൽ സേവിച്ചാൽ ആമാതിസാരം എല്ലാം ശമിക്കും.

അരിക്കാടകന്ദകസ്തൂരി പ്രമലാശ്രൂപമദാപഹാരിണാ ര
ധിരാതിസ്രുതൌകഷായക സമധുവാഡിമവത്സകതപഷീ

ഹേ! കസ്തൂരി! രക്താതിസാരത്തിങ്കൽ ഡാഡിമം=
മാതളത്തോട്, വത്സകത്വചം=കടകപ്പാല വേരിന്മേൽതൊലി
ഇവ കഷായംവെച്ചു മധു=ചെറുതേൻ ഒഴിച്ചു സേവിച്ചാൽ നല്ല
താകുന്നു.

ചന്ദനംവിമർദ്ദിതണ്ഡുലാംബുനാ സംയുതം മധുയുതംസി
താന്വിതം ഇതിപിബേന്നരസ്രുതപിത്തബന്ധനം ബന്ധനംപ്രവ
രാമയാപഹം.
(ൻഛ)

ചന്ദനംഅരച്ചു അരികഴുകിയ കാടിവെള്ളത്തിൽ മ
ധു=തേൻ സിതാ=പഞ്ചസാര ഇവചേർത്തു സേവിക്കുക. വെ
ള്ളംദാഹം ചോര ചൊരിയുന്നതും വർദ്ധിച്ചിരിക്കുന്നചൂടും ര
ക്തസ്രാവവും ശമിക്കും.

കണ്ടത്തുലാമത്തുമല്പംവിവേദനാസ്രാതിസാരജിൽ
സേവേതസഗുഡംവിലപംവിലപതുല്യപയോധരെ (ൻവ)

വിലപം=കൂവളക്കായുടെ അകത്തുള്ള മജ്ജ ഗുഡം=ശർക്കര
കൂട്ടിത്തിന്നാൽ വയറുവേദന ആമദോഷം ഇവയെ നശിപ്പിക്കും

ന്നതും മലബന്ധത്തോടുകൂടിയ അതിസാരത്തെ ജയിക്കുന്നതുമാകുന്നു.

ദുശ്ശ്വാസകാസജ്വരശോഫമൂർച്ഛാ ഹിക്കാന്നവിദ്വേഷണവാന്തിയുക്തൈഃ യുക്തോതിസാരീസ്മരതുപ്രസഹ്യ ഗോവിന്ദ ഗോപാലഗദാധരേതി. (൩൩.)

വെള്ളദാഹം ശ്വാസം കര പനി വീക്കം മടമൂർച്ഛ ഇക്കിൾ ചോറുവെറുപ്പ ഛർദ്ദി വേദന ഇവ എല്ലാമുള്ള അതിസാരരോഗി ഗോവിന്ദ ഗോപാല എന്നിങ്ങനെ വിഷ്ണു സ്മരണം ചെയ്യണം.

ജാതീഫലാദിചൂർണ്ണം

ജാതീഫലംനാഗരസപ്പ്ഫേനോ ഖർജ്ജൂരഫലംഭിന്നമിദംസ്യ നിത്യം യോജ്യംദ്വിനിഷ്കംചോന്മരീഷജാതാ ദരണ്യജാതസ്സസമഞ്ചസവൈഃ (൩൪)

നിഷ്കാദ്ധമാത്രംഭിഷജാപ്രയോജ്യം ദ്വിവാരമേതച്ഛൃതഗണ്ഡലോദകൈഃ ജീർണ്ണാതിസാരേരുധിരാമയുക്തേ ഹിതസംഗ്രഹലേബഹുവേദനയുക്തെ (൩൫)

ജാതീഫലം=ജാതിക്കാ നാഗരം=ചുക്ക സപ്പ്ഫേനം=കറുപ്പ ഖർജ്ജൂരഫലം=ഈന്തപ്പഴം(കാരക്കാ)ഇവ ദ്വിനിഷ്കം=രണ്ടുകഴഞ്ചുവീതം പൊടിച്ചു പുരീഷകം=ചാണകം കാട്ടിൽനിന്നെടുത്തു ചുട്ടഭസ്മം മുൻപറഞ്ഞ മരുന്നുകൾക്കു സമം ചേൎത്തു അരിക്കാടിയിൽസേവിക്കുക. പഴകിയ അതിസാരത്തിന്നും ആമദോഷത്തോടുകൂടിയ രക്താതിസാരത്തിന്നും വേദനയ്ക്കും നന്നു.

ഗ്രഹണിക്കു

യവാനീനാഗരോശീരം ധനികാതിവിഷാഘനൈഃ
ബാലവില്വദ്വിപർണ്ണീഭിർദ്ദീപനംപാചനംപരം

യവാനി=ജീരകം നാഗരം=ചുക്ക ഉശീരം=രാമച്ചം ധനികം=കൊത്തമ്പാലയരി അതിവിഷാ=അതിവിടയം ഘനം=മുത്തങ്ങാ ബാലവില്വം=ഇളയകൂവളക്കാ ദ്വിപർണ്ണി=ഓരില മൂവില ഇവകൊണ്ടുള്ള കഷായം ദീപനപാചനങ്ങൾക്കു ഏററവും നല്ലതാകുന്നു.

പുനർന്നവാവല്ലിജബാണപുംഖാ വിശ്വാഗ്നിപഥ്യാചിരിവില്വവില്വൈഃ കൃതഃകഷായഃശമയേദശേഷാൻ ദുസ്സാദ്ധ്യരൂപ ഗ്രഹണിവികാരാൻ (൩൬)

പുനർന്നവാ=തമിഴാമവേര വല്ലിജം=മുളക ബാണപുംഖം=കൊഴിഞ്ഞിൽ വിശ്വം=ചുക്ക അഗ്നി=കൊടുവേലിക്കിഴങ്ങ പഥ്യാ=കടുക്ക ചിരിവില്വം=ആവിൽപ്പട്ട വില്വം=കൂവളത്തിൻവേര

ചിത്രകം=കൊടുവേലി ചവ്യം=കാട്ടുമുളകിൻവേര. ശ്രീ=കൂവളക്കായുടെമജ്ജ വിശ്വഭേഷജം=ചുക്ക ഇവ പൊടിച്ചുമോരിൽ സേവിക്കുക ദുഃഖകാരിണിയായ ഗ്രഹണിശമിക്കും

രുചകാഗ്നിമരിചാനാം ചൂൎണ്ണംതക്രേണസേവിതം
ഗ്രഹണ്യുദരഗുല്മാൎശഃക്ഷുന്മാന്ദ്യപ്ലീഹനാശനം

രുചകം=ഇന്തുപ്പു, അഗ്നി=കൊടുവേലിക്കിഴങ്ങ, മരിചം=കുരുമുളക ഇവ സമം പൊടിച്ചു മോരിൽസേവിക്കുക ഗ്രഹണി ഉദരം, ഗുല്മം, അൎശസ്സ, അഗ്നിമാന്ദ്യം പ്ലീഹ ഇവ ശമിക്കും.

ആജംപയോജലധരേന്ദ്രയവബാലവില്വഹ്രീബേരമോചരസ
കല്കയുതംവിപാചിതം ആമാനബന്ധസഹിതംരുധിരാന്വിതഞ്ച
സദ്യോനിഹന്തിഗ്രഹണീഗ്രഹണീവികാരം ൧൦൧

ജലധരം=മുത്തങ്ങ, ഇന്ദ്രയവം=കുടകപ്പാലയരി, ബാലവില്വം ഇളയകൂവളക്കായ, ഹ്രീബേരം=ഇരുവേലി, മോചരസം=ഇലവിൻപശ ഇവസമം ചതച്ചു കിഴികെട്ടി വെള്ളാട്ടിന്റെ പാലിൽ നാലുഗുണം വെള്ളമൊഴിച്ചു വററിച്ചു പാലാക്കി പിഴിഞ്ഞെടുത്തു പഞ്ചസാരചേൎത്തു സേവിച്ചാൽ ആമബന്ധത്തോടും രക്തബന്ധത്തോടും കൂടിയ ഗ്രഹണിയും തത്സംബന്ധമായ വേദനകളും ഉടനെ നശിക്കും.

കാസശ്വാസത്തിന്ന

അതഃപരംകോമളവാണികാസ ശ്വാസപ്രതീകാരമുദീരയാമഃ നിദിഗ്ധികാസംഗ്രഹപഞ്ചമൂലി കൃതഃകഷായശ്ച പലാസഹായഃ ൧൦൨

അല്ലയോ! കോമളവാണി!! അനന്തരംകാസശ്വാസങ്ങളുടെ പ്രതിവിധിയെപറയുന്നു. ബൃഹൽപഞ്ചമൂലം=വലിയപഞ്ചമൂലകഷായം അതിൽതിപ്പലിചേൎത്തുസേവിച്ചാൽ കാസശ്വാസംശമിക്കും.

ഘനാവിഷാശിവാഗുഡസംഗുളികാ ത്രിദിനംവദനേന ബിജമദ്യപ്യുതാ ഹരതിശ്വാസനംകസനംബലമേബലമേനവഹാമിമം ഹൃദയോപഹതാ ൧൦൩

ഘനം=മുത്തങ്ങ, വിഷം=ചുക്ക, ശിവ=കടുക്ക ഇവസമം പൊടിച്ചു ഗുഡം=ശൎക്കരചേൎത്തുഗുളികയാക്കിവിഴുങ്ങുക കാസശ്വാസം ശമിക്കും.

ആജസ്യമൂത്രസ്യശതംപലാനാം ശതംപലാനാംഞ്ചകല ദ്രവസ്യ പകംസമധാന്യചൂൎണ്ണംനിഹന്തികാസം ശ്വാസംഞ്ചതച്ച സബലംവലാസം (൧൦൪

ആട്ടിൻമൂത്രം നൂറുപലംകൊണ്ടുവന്നു അതിൽ നൂറുപല

താന്നിക്കാത്തോടും എടുത്തുചേൎത്തു വേവിച്ചു മൂത്രം നിശ്ശേഷം വററുമ്പോൾ ഉണക്കി ഇടിച്ചുപൊടിച്ചു ചെറുതേൻ ചേൎത്തു സേവിക്ക. കുര, ഏങ്ങൽ, കഫകോപം ഇവയൊക്കെയും ശമിപ്പിയ്ക്കും.

ആൎദ്രാമൎദ്ധതുലാംഗുഡാദപിതദൎദ്ധാംശകുസ്തുംബരീ
ദീപ്യായോജരണത്രിജാതജലദാദേതൽപചേല്യക്തിതഃ
ലേഹോരത്നകലേതദൈവകഥിതപ്രാണപ്രിയായാമയാ
കാസാൎശോജ്വരപീനസശ്വയഥുരുക്ഗുന്മക്ഷയഘ്നപ്രസനഃ

ആൎദ്രാ=ഇഞ്ചി. അൎദ്ധതുലാം=അരത്തുലാം. ഗുഡം=ശൎക്കരയും അപ്രകാരം. കുസ്തുംബരി=കൊത്തമ്പാലയരി. ദീപ്യം=അയമോദകം. അയം=ഇരുമ്പുഭസ്മം. അജരണം=അയമോദകം. ത്രിജാതം= ഏലം. ഇലവൎങ്ഗം. പച്ചില. ജലദം=മുത്തങ്ങ ഇവ അരപ്പലംവീതം പൊടിച്ചുചേൎത്തു ലേഹ്യമാക്കി സേവിക്ക. കുര. അൎശസ്സ. ജ്വരം. പീനസം. നീക്കെട്ടു. വേദന. ഗുന്മം ക്ഷയം ഇവയെ നശിപ്പിയ്ക്കും.

ചിന്താമണിചൂൎണ്ണം.

രാസ്നാബലാപത്മകദേവദാരു ഫലത്രികത്ര്യൂഷണവെല്ല ചൂൎണ്ണം ചിന്താമണിഃ ക്ഷൌദ്രയുതോപപന്ന ശ്വാസാംശ്ചകാസാംശ്ചനിരാകരോതി

രാസ്നാ=അരത്ത. ബലാ=കുറുന്തോട്ടിവേര. പത്മകം=പതിമുകം. ദേവദാരു=ദേവദാരം. ഫലത്രികം=ത്രിഫല. ത്ര്യൂഷണം=ത്രികടുക. വെല്ലം=വിഴാലരി. ഇവ സമം പൊടിച്ചു തേൻചേൎത്തുസേവിക്കുക കുരയും ഏങ്ങലും ശമിയ്ക്കും ഇതിനു ചിന്താമണി എന്നുപേർ.

വാശാഹരിദ്രാധനികാഗുളൂചീ ഭാൎഗ്ഗീകണാനാഗരരിംഗണീനാം കാഥേനമാരീചരജോന്വിതേന ശ്വാസക്ഷയംയാതി നകസ്യപുംസഃ (ഫഫർ)

വാശാ=ആടലോടകത്തിൻവേര. ഹരിദ്രാ=മരമഞ്ഞൾതൊലി. ധനികം=കൊത്തമ്പാലയരി. ഗുളൂചീ=ചിററമൃതു. ഭാൎഗ്ഗി=ചെറുതേക്ക. കണാ=തിപ്പലി. നാഗരം=ചുക്ക. രിംഗണീ=ചെറുവഴുതിനവേര. ഇവകഷായംവച്ചു മാരീചരജസ്സ=മുളകുപൊടിചേൎത്തു സേവിക്കുക. ഏങ്ങൽ. ക്ഷയം ഇവയൊക്കെയുംശമിയ്ക്കും.

